**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് - മയിച്ച റെയിൽവേ അണ്ടർബ്രിഡ്ജ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 78,225/- രൂപ റെയിൽവേയ്ക്ക് ഒടുക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2504 /2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 23/8/2016

പരാമർശം:-

1. സ.ഉ. (സാധാ)നം.1515/2014/തസ്വഭവ തീയതി 16.06.2014.
2. പഞ്ചായത്ത് ഡയറക്ടറുടെ 11.07.2016 ലെ ജി1-13433/16 നമ്പർ കത്ത്.
3. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.03.2016 ലെ എ-713/16 നമ്പർ കത്ത്.

**ഉത്തരവ്**

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ മയിച്ച എന്ന സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെയിൽവേ സബ് വേ (അണ്ടർപാസ്സേജ്) നിർമ്മാണത്തിന് 1,67,16,740/- രൂപയുടെ എസ്റ്റിമേറ്റാണ് റെയിൽവേ നൽകിയിട്ടുള്ളത്. ഇതിൽ സെന്റേജ് ചാർജ്ജായി 3,38,515/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിൽ 1.63,00,000/- രൂപ കാസർഗോഡ് പി.ഡബ്ല്യു.ഡി (റോഡ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒടുക്കിയിട്ടുണ്ട്,. എസ്റ്റിമേറ്റിൽ ഇനി നൽകാനുള്ള 78,225/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിനുള്ള അനുമതിയാണ് പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ മയിച്ചയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെയിൽവേ സബ് വേ (അണ്ടർപാസ്സേജ്)യുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരം ഇനി നൽകാനുള്ള 78,225/- രൂപ (എഴുപത്തി എട്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഇന്ത്യൻ റെയിൽവേയ്ക്ക് ഒടുക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സുനിൽകുമാർ എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
പ്രസിഡന്റ്/സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
ഡിവിഷണൽ റെയിൽവേ മാനേജർ, വർക്ക്സ് ബ്രാഞ്ച്, സതേൺ റെയിൽവേ പാലക്കാട്
ജില്ലാ കളക്ടർ, കാസർഗോഡ്
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
ധനകാര്യവകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**